compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2026 ഓഗസ്റ്റ് 11
**Tuesday, 11th August 2026**

1201 കർക്കടകം 26
**26th Karkadakam 1201**

1948 ശ്രാവണം 20
**20th Sravana 1948**

വാല്യം 15
**Vol. XV**

നമ്പർ
**No.** 32

## Part III

## Industrial Tribunals

©
കേരള സർക്കാർ
GOVERNMENT OF KERALA
2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പരസ്യം

നമ്പർ P1-961/26. 2026 ജൂലൈ 29.

19-3-2016-ാം തീയതി നീണ്ടൂർ സെന്റ് മൈക്കിൾസ് പള്ളിയിലെ പെയിന്റിംഗ് ജോലി നോക്കിവരവെ അപകടമുണ്ടായി മരണമടഞ്ഞ ശ്രീ. എസ്. ഗോപാൽ-ന്റെ ആശ്രിതർക്ക് എംപ്ലോയീസ് കോമ്പൻസേഷൻ നൽകുന്നതിനായി ₹ 17,64,351 (പതിനേഴ് ലക്ഷത്തി അറുപത്തിനാലായിരത്തി മുന്നൂറ്റി അൻപത്തിയൊന്ന് രൂപ മാത്രം) ഈ ഓഫീസിൽ കെട്ടിവച്ചിരിക്കുന്നു. അന്വേഷണം നടത്തിയതിൽ ടിയാന്റെ ആശ്രിതയായി

1. ശ്രീമതി ഉഷ, മാമ്പറമ്പിൽ, അമ്പല കോളനി, ആദിച്ചിറ, തെള്ളകം പി. ഒ., കോട്ടയം-686 016—ഭാര്യ.

മാത്രമേ ഉള്ളൂ എന്ന് കോട്ടയം രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാന്റെ ആശ്രിതർ എന്ന് മേൽ വിവരിച്ച നിർവചനത്തിൽ ഉൾപ്പെടുന്നവരായി വേറെ ആരെങ്കിലും ഉണ്ടെങ്കിൽ ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ 15 ദിവസത്തിനകം ഈ ആഫീസിൽ രേഖാമൂലം ഹാജരായി തെളിയിക്കേണ്ടതും അവധി കഴിഞ്ഞുള്ള ഹർജികൾ പരിഗണിക്കപ്പെടുന്നതല്ലാത്തതുമാകുന്നു.

Whereas The Manager/Vicar, Sunday School attached to St. Michel's Church, Neendoor, Kottayam-686 601 have deposited with this Court a sum of ₹ 17,64,351 (Rupees Seventeen Lakhs Sixty Four Thousand Three Hundred and Fifty One only) as compensation to be distributed to the dependents of the deceased Sri S. Gopal who met with a fatal accident while he was working as a Painter on 19-3-2016 and The Assistant Labour Officer, 2nd Circle, Kottayam has reported that

1. Smt. Usha, Mamparampil, Ambala Colony, Adichira, Thellakom P. O., Kottayam -686 016—Wife

is his dependent as defined under Section 2 (1) (d) of the Employee's Compensation Act, 1923 any others who claim to be the dependents of the deceased should within 15 days of the publication of this notice in the Kerala Government Gazette prefer their claim in writing before me and prove the same. If no such claims are received within the prescribed time the entire amount of Compensation will be disbursed to the persons mentioned above. Claims preferred thereafter will not be considered.

Office of the Industrial Tribunal &
Commissioner for Employees' Compensation, (Sd.)
Kollam-691 013. *Employees' Compensation Commissioner.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## നോട്ടീസ്

നമ്പർ: സി1–158/2026 തീയതി 05/08/2026

മൂക്കന്നൂർ സ്വദേശിയായ ശ്രീ. പ്രിൻസ് ജോസഫ് എന്നയാളുടെ ഉടമസ്ഥതയിലുള്ള ടാക്സി കാറിന്റെ ഡ്രൈവറായി ജോലിനോക്കുന്നതിനിടയിലുണ്ടായ അപകടത്തിൽ മരണമടഞ്ഞ ശ്രീ. ജസ്റ്റിൻ ജോയ്, ആട്ടോക്കാരൻ ഹൗസ്, അമലാപുരം, അയ്യമ്പുഴ പി. ഒ., എറണാകുളം –ന്റെ ആശ്രിതർക്ക് തൊഴിലാളി നഷ്ടപരിഹാരം നൽകുന്നതിനായി തൊഴിലാളി നഷ്ടപരിഹാര ആക്ടിലെ 2(1) (ഡി) വകുപ്പ് അനുസരിച്ച് നിർവചിച്ച പ്രകാരം ടിയാന്റെ ആശ്രിതരായി എറണാകുളം, അയ്യമ്പുഴ പി. ഒ., അമലാപുരം, ആട്ടോക്കാരൻ ഹൗസിൽ (1) ശ്രീമതി. ലീല ജോയ് (മാതാവ് – Late) എന്നിവർ മാത്രമെ ഉള്ളൂവെന്നു അങ്കമാലി അസിസ്റ്റന്റ് ലേബർ ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടുന്ന മറ്റ് ആരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗവൺമെന്റ് ഗസറ്റിൽ പരസ്യപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുൻപാകെ എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയത്തിനകം യാതൊരു അവകാശവാദവും ലഭിച്ചില്ലെങ്കിൽ നഷ്ടപരിഹാരതുക മുഴുവനും മേൽപ്പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. അതിനുശേഷം സമർപ്പിക്കുന്ന അവകാശവാദങ്ങൾ പരിഗണിക്കുന്നതല്ല.

ഒപ്പ്

കമ്മീഷണർ ഫോർ എംപ്ളോയീസ് കോമ്പൻസേഷൻ
&
ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ
ആലപ്പുഴ

ആലപ്പുഴ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## നോട്ടീസ്

നമ്പർ E1-164/2026. 2026 ജൂലൈ 27.

ശ്രീ. ചെന്താമര, പാറയിൽ ഹൗസ്, കാരാപറമ്പ്, കൊല്ലങ്കോട്, പാലക്കാട് എന്ന തൊഴിലുടമയുടെ കീഴിൽ ജോലിചെയ്തുവരവെ 26–1-2009-ന് അപകടം സംഭവിച്ച് മരണമടഞ്ഞ ശ്രീ. മോഹനൻ എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി നാഷണൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ₹ 8,09,493 (എട്ട് ലക്ഷത്തി ഒൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി മൂന്ന് രൂപ മാത്രം) ഈ കോടതി മുമ്പാകെ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2(1) (ഡി) വകുപ്പനുസരിച്ച് നിർവചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നവർ മാത്രമേ ഉള്ളുവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, കൊഴിഞ്ഞാമ്പാറ, പാലക്കാട് അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

### പട്ടിക

| ക്രമ നമ്പർ | പേര് | മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം | ജനന തീയതി | മേൽവിലാസം |
|---|---|---|---|---|
| 1 | ശ്രീമതി ശാന്ത | ഭാര്യ | - | മനു നിവാസ്, കണക്കമ്പാറ, കുറ്റിപ്പള്ളം പി. ഒ., നല്ലേപ്പിള്ളി, ചിറ്റൂർ, പാലക്കാട് |
| 2 | സൗമ്യ | മകൾ | 20-3-1986 | |
| 3 | ശാലിനി | മകൾ | 7-4-1990 | |
| 4 | മനു | മകൻ | 6-4-1993 | |

ഇപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുൻപാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിധത്തിലുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽ പറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശ വാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ഒപ്പ്)

കമ്മീഷണർ,
എംപ്ലോയീസ് കോമ്പൻസേഷൻ,
(വ്യാവസായിക ട്രൈബ്യൂണൽ).

വ്യാവസായിക ട്രൈബ്യൂണലിന്റെ
കാര്യാലയം, പാലക്കാട്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## നോട്ടീസ്

നമ്പർ E1-366/2026. 2026 ജൂലൈ 29.

ശ്രീമതി ആയിഷ, പി. എം., W/o ശശി ചൂരകോട്ടയിൽ ഹൗസ്, തൃക്കാക്കര നോർത്ത്, ഇടപ്പള്ളി, എറണാകുളം എന്ന തൊഴിലുടമയുടെ കീഴിൽ ജോലിചെയ്തുവരവെ 10–2-2021-ന് അപകടം സംഭവിച്ച് മരണമടഞ്ഞ ശ്രീ. രാജീവ് സോമൻ എന്ന തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ₹ 24,36,978 (ഇരുപത്തിനാല് ലക്ഷത്തി മുപ്പത്തിയാറായിരത്തി തൊള്ളായിരത്തി എഴുപത്തിയെട്ട് രൂപ മാത്രം) യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് ഈ കോടതി മുമ്പാകെ കെട്ടിവച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള നഷ്ടപരിഹാര ആക്ട് 1923-2(1) (ഡി) വകുപ്പനുസരിച്ച് നിർവ്വചിച്ച പ്രകാരം ടിയാന്റെ മരണസമയത്തെ ആശ്രിതരായി ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുന്നവർ മാത്രമേ ഉള്ളുവെന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർ, രണ്ടാം സർക്കിൾ, എറണാകുളം അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

### പട്ടിക

| ക്രമ നമ്പർ | പേര് | മരണമടഞ്ഞ തൊഴിലാളിയുമായുള്ള ബന്ധം | വയസ് | മേൽവിലാസം |
|---|---|---|---|---|
| 1 | ശ്രീമതി മായ സോമൻ | മാതാവ് | 58 | തെക്കേ വട്ടപ്പിള്ളി ഹൗസ്, ചുട്ടുപടുക്കര ദേശം, ഇടപ്പള്ളി, കണയന്നൂർ, എറണാകുളം. |

ഇപ്രകാരമുള്ള ആശ്രിതരാണെന്ന് അവകാശപ്പെടാവുന്ന മറ്റാരെങ്കിലുമുണ്ടെങ്കിൽ അവർക്കുള്ള അവകാശം ഈ നോട്ടീസ് കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം എന്റെ മുൻപാകെ രേഖാമൂലം എഴുതി സമർപ്പിക്കേണ്ടതും ആയത് തെളിയിക്കേണ്ടതുമാണ്. നിശ്ചിത സമയപരിധിക്കകം യാതൊരുവിധത്തിലുള്ള അവകാശവാദങ്ങളും ലഭിച്ചില്ലെങ്കിൽ കെട്ടിവച്ച നഷ്ടപരിഹാരത്തുക മുഴുവനും മേൽപറഞ്ഞ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ്. ആയതിനുശേഷം ലഭിക്കുന്ന അവകാശവാദങ്ങൾ ഒന്നുംതന്നെ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

(ഒപ്പ്)

വ്യാവസായിക ട്രൈബ്യൂണലിന്റെ
കാര്യാലയം, പാലക്കാട്.

കമ്മീഷണർ,
എംപ്ലോയീസ് കോമ്പൻസേഷൻ,
(വ്യാവസായിക ട്രൈബ്യൂണൽ).

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.11 02:24:07 +05:30